REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 26-10-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **ആസിയാൻ - ഇന്ത്യ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വെർച്വലായി അഭിസംബോധന ചെയ്യും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്ത് രാവിലെ 11 ന് ആകാശവാണി- ദൂരദർശൻ ശൃംഖലകളിൽ.**
- **തദ്ദേശ പൊതുതിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു- രണ്ട് കോടി 84 ലക്ഷത്തിലേറെ വോട്ടർമാർ.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ ഓവറോൾ കിരീടം ഉറപ്പിച്ച് തിരുവനന്തപുരം ജില്ല.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, ഇന്ന് ബംഗ്ലാദേശിനെ നേരിടും.**

## വാർത്തകൾ വിശദമായി

ആസിയാൻ - ഇന്ത്യ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വെർച്വലായി അഭിസംബോധന ചെയ്യും. പ്രധാനമന്ത്രിയും ആസിയാൻ നേതാക്കളും സമഗ്ര തന്ത്രപര പങ്കാളിത്തം കൂടുതൽ ശക്തമാക്കാനാവശ്യമായ നടപടികൾ ചർച്ച ചെയ്യുകയും, ബന്ധത്തിലെ പുരോഗതി വിലയിരുത്തുകയും ചെയ്യുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യയുടെ കിഴക്കൻ-തെക്കു-കിഴക്കൻ ഏഷ്യ നയവും, ഇന്ത്യ- പസഫിക് ദർശനവും ശക്തിപ്പെടുത്താൻ ആസിയാൻ ശക്തമായ വേദിയാണ്. നാളെ പ്രധാനമന്ത്രിക്കു വേണ്ടി വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ കൊലാലംമ്പൂരിലെ ഉച്ചകോടിയിൽ പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്ത് രാവിലെ 11 ന് ആകാശവാണിയുടെയും ദൂരദർശന്റെയും ശൃംഖലകളിൽ കേൾക്കാം. AIR ന്യൂസ് വെബ്സൈറ്റിലും, News on AIR മൊബൈൽ ആപ്പിലും AIR, DD, PMO, I & B , യു ട്യൂബ് ചാനലുകളിലും പരിപാടി ലഭ്യമാണ്.

പരിപാടിയുടെ 127-ാം പതിപ്പാണിത്. പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിനു ശേഷം പ്രാദേശിക ഭാഷയിലും പരിപാടി പ്രക്ഷേപണം ചെയ്യും.

✪✪✪

സെപ്റ്റംബർ 22 ന് നരേന്ദ്രമോദി ഗവൺമെന്റ് കൊണ്ടുവന്ന വരുംതലമുറ GST പരിഷ്ക്കരണം എല്ലാ മേഖലയിലെയും ജനങ്ങൾക്ക് പ്രയോജനകരമായി മാറിക്കഴിഞ്ഞു. ആരോഗ്ര മേഖലയിലെ GST പരിഷ്ക്കരണത്തിന്റെ ഗുണഫലങ്ങളെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്).......

മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, അവശ്യ സേവനങ്ങൾ എന്നിവയുടെ നികുതി കുറച്ച് ആരോഗ്യ സംരക്ഷണ മേഖലയ്ക്ക് വലിയ ആശ്വാസമാണ് വരും തലമുറ GST പരിഷ്കാരങ്ങൾ നൽകിയത്. അവശ്യ മരുന്നുകളുടെ നികുതി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. 36 ജീവൻ രക്ഷാ മരുന്നുകൾ നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കി.ഇത് ഗുരുതരവുമായ രോഗങ്ങളുടെ ചികിത്സാ ചിലവ് കുറച്ചു.

ഗോസ്, ബാൻഡേജുകൾ, ഡയഗ്നോസ്റ്റിക് കിറ്റുകൾ, തെർമോമീറ്ററുകൾ തുടങ്ങിയ മെഡിക്കൽ ഉപകരണങ്ങൾക്കും GST, 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ഇതിലൂടെ രോഗനിർണയവും ചികിത്സാ സേവനങ്ങളും ചിലവ് കുറഞ്ഞതായി മാറി.

✪✪✪

സംസ്ഥാന തദ്ദേശ പൊതുതിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. പട്ടികയിൽ രണ്ട് കോടി 84 ലക്ഷത്തി 46,762 വോട്ടർമാരുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ വാർഡ് പുനർവിഭജനത്തിന് ശേഷം, പുതിയ വാർഡുകളിലെ പോളിംഗ് സ്റ്റേഷനുകളുടെ അടിസ്ഥാനത്തിലാണ് പുതുക്കിയ അന്തിമവോട്ടർപട്ടിക തയ്യാറാക്കിയത്.

മട്ടന്നൂർ നഗരസഭ ഒഴികെ തദ്ദേശസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയാണ് പൂർത്തിയായത്. തിരഞ്ഞെടുപ്പ് കമ്മീഷൻ

വെബ്സൈറ്റിലും, തദ്ദേശസ്ഥാപനങ്ങളിലും താലൂക്ക്, വില്ലേജ് ഓഫീസുകളിലും പട്ടിക പരിശോധനയ്ക്ക് ലഭ്യമാണ്.

✪✪✪

ഗവൺമെന്റ് മേഖലയിലെ നാലാമത്തെ ആയുർവേദ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഉച്ചകഴിഞ്ഞ് ഇടുക്കി ഉടുമ്പഞ്ചോലയിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. നാഷണൽ ആയുഷ് മിഷന്റെ 66 നിർമ്മാണ പ്രവൃത്തികൾക്കും മന്ത്രി തുടക്കമിടും. പൂർത്തിയാക്കിയ ഏഴ് നിർമ്മാണ പ്രവൃത്തികൾ വീണാജോർജ് നാടിന് സമർപ്പിക്കും. ആശുപത്രിയിലെ OP സേവനങ്ങൾ ഇന്നു മുതൽ ലഭ്യമാകും. മന്ത്രി റോഷി അഗസ്റ്റിൻ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

✪✪✪

കോഴിക്കോട് കാക്കൂരിൽ കേരളത്തിലെ ആദ്യ സിദ്ധ ജീവിത ശൈലീ രോഗ ക്ലിനിക് മന്ത്രി വീണാ ജോർജ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഇതിനകം 250 ആയുഷ് ചികിത്സാ കേന്ദ്രങ്ങൾക്ക് NABH അംഗീകാരം ലഭിച്ചതായി മന്ത്രി അറിയിച്ചു. ചടങ്ങിൽ മന്ത്രി AK ശശീന്ദ്രൻ അധ്യക്ഷനായിരുന്നു.

✪✪✪

ശാസ്ത്ര സാങ്കേതിക മേഖലയിലെ മികവിന് കേന്ദ്ര ഗവൺമെന്റ് നൽകുന്ന പരമോന്നത ബഹുമതിയായ രാഷ്ട്രീയ വിജ്ഞാൻ പുരസ്കാരത്തിന് ISRO യിലെ മലയാളി ശാസ്ത്രജ്ഞൻ ജയൻ N അർഹനായി. രാജ്യത്തെ ബഹിരാകാശ സാങ്കേതികവിദ്യയുടെ വികസനത്തിന് നൽകിയ സംഭാവനകൾക്ക് വിജ്ഞാൻ ശ്രീ പുരസ്കാരമാണ് ജയനെ തേടിയെത്തിയത്. നിലവിൽ വിക്രം സാരാഭായ് സ്പേസ് സെന്ററിൽ, നെക്സ്റ്റ് ജനറേഷൻ ലോഞ്ച് വെഹിക്കിളിന്റെ പ്രോജക്ട് ഡയറക്ടറാണ് ജയൻ.

✪✪✪

മികച്ച ചികിത്സാസംവിധാനങ്ങൾ ഒരുക്കിയതിലൂടെ ആരോഗ്യരംഗത്ത് സംസ്ഥാനം മുൻപന്തിയിലെത്തിയതായി മന്ത്രി KN ബാലഗോപാൽ പറഞ്ഞു. കുളക്കട കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോ.വന്ദന ദാസ് സ്മാരക കോൺഫറൻസ് ഹാൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുളക്കട കുടുംബാരോഗ്യ കേന്ദ്രത്തിൽ നാലുകോടി രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ നിർമാണം ഉടൻ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴയും കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള -ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഈ മാസം 28 വരെ മീൻപിടുത്ത വിലക്ക് ഏർപ്പെടുത്തി.

✪✪✪

ധനുഷ്കോടി ദേശീയപാതയിൽ അടിമാലി കൂമ്പൻപാറ ലക്ഷം വീട് കോളനി ഭാഗത്ത് രാത്രി ഉണ്ടായ മണ്ണിടിച്ചിലിൽ ഒരാൾ മരിച്ചു. ലക്ഷംവീട് ഉന്നതിയിലെ ബിജുവാണ് മരിച്ചത്- ഭാര്യ സന്ധ്യയെ പരിക്കുകളോടെ ആലുവയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയ ബിജുവിനെ പുലർച്ചെ അഞ്ചു മണിയോടെയാണ് പുറത്തെടുത്തത്. ദേശീയപാതാ നിർമാണത്തിനായി മണ്ണെടുത്തതിനെത്തുടർന്ന് പ്രദേശത്ത് 50 അടിയിലേറെ ഉയരത്തിലായിരുന്നു മൺതിട്ട. രാത്രി 10.45 ഓടെ തിട്ട ഇടിഞ്ഞ് റോഡിലേക്കും, താഴ് ഭാഗത്തെ വീടുകളിലേക്കും പതിക്കുകയായിരുന്നു.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ ഓവറോൾ കിരീടം ഉറപ്പിച്ച് തിരുവനന്തപുരം ജില്ല. 1,472 പോയിന്റുമായാണ് അവർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. 165 സ്വർണ്ണം, 122 വെള്ളി, 139 വെങ്കലം എന്നിവ നേടിയാണ് തിരുവനന്തപുരം കുതിപ്പ് തുടരുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

........(വോയ്സ്).......

694 പോയിന്റുമായി തൃശൂരാണ് രണ്ടാം സ്ഥാനത്ത്. 615 പോയിന്റ് നേടി പാലക്കാട് മൂന്നാമതുണ്ട്.

നീന്തൽ ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം ജില്ല കിരീടം നേടി. 73 സ്വർണ്ണം, 63 വെള്ളി, 46 വെങ്കലം എന്നിവ ഉൾപ്പെടെ 649 പോയിന്റോടെയാണ് ജില്ല നീന്തൽ ചാമ്പ്യൻമാരായത്.

ഗെയിംസിൽ 402 ഇനങ്ങൾ പൂർത്തിയായപ്പോഴും 799 പോയിന്റുമായി തിരുവനന്തപുരം ജില്ല തന്നെയാണ് ഒന്നാം സ്ഥാനത്ത് . അത്ലറ്റിക്സിൽ 51 ഇനങ്ങൾ പൂർത്തിയായപ്പോൾ 134 പോയിന്റോടെ പാലക്കാട് ഒന്നാം സ്ഥാനത്ത് തുടരുന്നു.

അത്ലറ്റിക്സ് സ്കൂൾ വിഭാഗത്തിൽ 40 പോയിന്റുമായി കോഴിക്കോട് ജില്ലയിലെ സെന്റ് ജോസഫ്സ് HS പുല്ലൂരാംപാറ ആണ് ഒന്നാമത് .

✪✪✪

സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മീറ്റിൽ റെക്കോർഡ് നേട്ടം കൈവരിച്ച കോഴിക്കോട് പുല്ലൂരാംപാറ സെന്റ് ജോസഫ് ഹയർസെക്കണ്ടറിയിലെ ദേവനന്ദ V ബിജുവിന് വിദ്യാഭ്യാസ വകുപ്പ് വീട് നിർമ്മിച്ച് നൽകും. മന്ത്രി V ശിവൻകുട്ടി താരത്തെ നേരിൽ കണ്ട് അഭിനന്ദിച്ച ശേഷമാണ് ഇക്കാര്യം അറിയിച്ചത്.

ജൂനിയർ പെൺകുട്ടികളുടെ 200 മീറ്റർ ഓട്ടത്തിൽ 24.96 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് ദേവനന്ദ മീറ്റ് റെക്കോർഡ് സ്ഥാപിച്ചത്. 100 മീറ്റർ ഓട്ടത്തിലും ദേവനന്ദ സ്വർണ്ണ മെഡൽ നേടി.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി കോട്ടപ്പുറം കായലിൽ മുസിരിസ് ബോട്ട് ക്ലബ് സംഘടിപ്പിച്ച മത്സരത്തിൽ A ഗ്രേഡ് വിഭാഗത്തിൽ TBC താന്തോന്നിത്തുരുത്തിന്റെ 'ഗരുഡൻ' ഒന്നാം സ്ഥാനം നേടി. KBC കുറുമ്പത്തുരുത്തിന്റെ 'താനിയൻ ദി ഗ്രേറ്റ്' രണ്ടാം സ്ഥാനവും, VBC നീണ്ടൂരിന്റെ 'ഗോതുരുത്ത്പുത്രൻ' മൂന്നാം സ്ഥാനവും നേടി.

✪✪✪

എല്ലാ വാർഡുകളിലും കളിക്കളങ്ങളൊരുക്കിയ സംസ്ഥാനത്തെ ആദ്യ പഞ്ചായത്തായി കണ്ണൂർ ജില്ലയിലെ കേളകം മാറി. സ്പീക്കർ A.N ഷംസീർ സമ്പൂർണ കളിക്കള പഞ്ചായത്തായി കേളകത്തെ പ്രഖ്യാപിച്ചു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(വോയ്സ്)........

✪✪✪

വിദ്യാഭ്യാസം ജനകീയമാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് വിലപ്പെട്ടതാണെന്ന് മന്ത്രി V. അബ്ദുറഹ്മാൻ പറഞ്ഞു. തിരൂർ ബ്ലോക്ക് പഞ്ചായത്ത് നവീകരിച്ച V.S അച്യുതാനന്ദൻ സ്മാരക ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ദേശീയ വിദ്യാഭ്യാസ നയത്തിൽ കേരളമിപ്പോൾ ശരിയായ നിലപാട് സ്വീകരിച്ചിരിക്കുകയാണെന്ന് BJP മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ പറഞ്ഞു. വിഷയത്തിൽ BJP നിലപാട് ശരിയായിരുന്നെന്ന് സംസ്ഥാന ഗവൺമെന്റും അംഗീകരിച്ചതായി അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

നിലമ്പൂർ ബൈപാസിന് സ്ഥലം വിട്ടുകൊടുത്തവർക്ക് നഷ്ടപരിഹാരമായി 55 കോടി രൂപ അനുവദിച്ചു. ഭൂ ഉടമകൾക്ക് നഷ്ടപരിഹാരം നൽകി ബൈപാസ് നിർമ്മാണം വേഗത്തിലാക്കാൻ മന്ത്രി P.A മുഹമ്മദ് റിയാസ് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാന പാതയായ KNG റോഡ് ജ്യോതിപ്പടി മുതൽ ചക്കാലക്കുത്തുവരെ രണ്ടര കിലോമീറ്ററോളം റോഡ് നിർമ്മിക്കാനാണ് അനുമതി ലഭിച്ചത്.

✪✪✪

ദേശീയപാത 66-ൽ മലപ്പുറം ജില്ലയിലെ ഏഴ് നടപ്പാലങ്ങൾക്കു കൂടി ദേശീയപാതാ അതോറിറ്റി അനുമതി നൽകി. കഞ്ഞിപ്പുര– കാപ്പിരിക്കാട് റീച്ചിലാണ് പാലങ്ങൾ അനുവദിച്ചത്. ഇവയുടെ നിർമ്മാണത്തിന് 11 കോടി 73 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 48 മീറ്റർ വീതിയിലും ആറ് മീറ്ററോളം ഉയരത്തിലുമാണ് നടപ്പാലം നിർമ്മിക്കുന്നത്.

✪✪✪

കൊച്ചി രൂപത മെത്രാനായി ബിഷപ്പ് ആന്റണി കാട്ടിപ്പറമ്പിലിനെ ലിയോ പതിനാലാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ നിയുക്ത ബിഷപ്പിനെ ആശംസകളറിയിച്ചു.

✪✪✪

KGMCTA യുടെ ഈ വർഷത്തെ പ്രൊഫ. JS സത്യദാസ് സ്മാരക ഒറേഷൻ പുരസ്കാരത്തിന് ആലപ്പുഴ മെഡിക്കൽ കോളജിലെ പ്രൊഫ. ഡോ. PS ഷാജഹാൻ അർഹനായി.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: രജിന കെ, ശ്രീജി*
*DEO: ഷീബ*